**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1453** **28-07-2021 - ൽ മറുപടിയ്ക്ക്**

**സ്വതന്ത്ര സ്ഥാനാർത്ഥിയെ തട്ടികൊണ്ടു പോയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ മഞ്ചേശ്വരം മണ്ഡലത്തിലെ സ്വതന്ത്ര സ്ഥാനാർത്ഥിയെ സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനായി തട്ടികൊണ്ടുപോയി ഭീഷണിപ്പെടുത്തി പണം നൽകിയ സംഭവവുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ? വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | പ്രസ്തുത തെരഞ്ഞെടുപ്പിൽ മഞ്ചേശ്വരം മണ്ഡലത്തിലെ ബി.ജെ.പി സ്ഥാനാർത്ഥിയായ കെ. സുരേന്ദ്രൻ, ബി. എസ്. പി സ്ഥാനാർത്ഥിയായ കെ. സുന്ദരയ്ക്ക് സ്ഥാനാർത്ഥിത്വം പിൻവലിപ്പിക്കുന്നതിനായി 2.5 ലക്ഷം രൂപയും ഒരു മൊബൈൽ ഫോണും പ്രതിഫലമായി നൽകി തിരഞ്ഞെടുപ്പ് ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചു എന്ന കാര്യത്തിന് എൽ.ഡി. എഫ് സ്ഥാനാർത്ഥി കാസർഗോഡ് JFCM - II കോടതി മുമ്പാകെ അന്യായം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. കോടതി നിർദ്ദേശ പ്രകാരം 07.06.2021 തീയതി ബദിയടുക്ക പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ. 193/2021 u/s 171(B), 171(E) IPC ആയി രജിസ്റ്റർ ചെയ്ത കേസ് ഊർജ്ജിതാന്വേഷണത്തിനായി കാസർഗോഡ് ജില്ലാ സി- ബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേസിലെ പ്രതികൾ ആരൊക്കെയാണ്; കേസിന്റെ തുടർ നടപടി ഏതു വരെയായെന്നും വിശദമാക്കാമോ? | (ബി) | കേസിൽ ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രൻ എന്നയാളാണ് നിലവിൽ പ്രതിസ്ഥാനത്ത് ഉള്ളത്. ഇതുവരെയായി കെ. സുന്ദര ഉൾപ്പെടെയുള്ള 78 ഓളം സാക്ഷികളെ കണ്ട് ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയും കേസ്സിൽ ഉൾപ്പെടുന്ന മുതലുകൾ സീഷർ മഹസ്സർ പ്രകാരം ബന്തവസ്സിൽ എടുത്തും, ശാസ്ത്രീയമായ തെളിവുകൾ ശേഖരിച്ചും ഇക്കാര്യത്തിൽ കാസർഗോഡ് ജില്ലാ സി-ബ്രാഞ്ച് യൂണിറ്റ് അന്വേഷണം നടത്തി വരുന്നു. അന്വേഷണം നടക്കുന്നതിനാൽ മറ്റ് വിശദാംശങ്ങൾ വെളിപ്പെടുത്താനാവില്ല. |

സെക്ഷൻ ഓഫീസർ